LIBRARY ARCHIVES Kerala Legislative Assembly

മണ്ണാർക്കാട് ആരക്കുറിശ്ശി ജി. എം. എൽ. പി. സ്കൂളിന്റെ കെട്ടിട വാടക കുടിശ്ശിക

97 [3623] *ശ്രീ. കളത്തിൽ അബ്ദുള്ള* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് ആരക്കുറിശ്ശി ജി. എം. എൽ. പി. സ്കൂളിന്റെ കെട്ടിട വാടക കുടിശ്ശിക ഇനത്തിൽ ബന്ധപ്പെട്ട കെട്ടിട ഉടമയ്ക്ക് എത്ര തുകയാണ് കൊടുത്തുതീർക്കുവാനുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് കൊടുത്തുതീർക്കാനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2,15,884 രൂപ (രണ്ട് ലക്ഷത്തി പതിനയ്യായിരത്തി എണ്ണൂറ്റി എൺപത്തി നാല് രൂപ).

(ബി) 2004-2005 മുതൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയാണ് വാടക നൽകുന്നത്. വാടക കുടിശ്ശിക ഉടൻ കൊടുത്തുതീർക്കുന്നതിന് ആവശ്യമായ നടപടികൾ ഈ സ്കൂളിന്റെ പരിധിയിൽപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ടു ചെയ്യുന്നതിന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയ എസ്. എസ്. എ. പദ്ധതി

98 [3624] *ശ്രീ. കെ. വി. കുഞ്ഞിരാമൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 സാമ്പത്തിക വർഷം എസ്. എസ്. എ. പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും ഓരോന്നിനും എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ) 28-2-2005 വരെ 511.71 ലക്ഷം രൂപ ചെലവഴിച്ചു.